പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3577 — 25.06.2013 ൽ മറുപടിക്ക്

# മൊബൈൽ ഫാൾട്ട് റെക്റ്റിഫയിംഗ് യൂണിറ്റ്

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് വൈദ്യുതി ഫാൾട്ടുകൾ തീർക്കുന്നതിന് ഏർപ്പെടുത്തിയിരുന്ന മൊബൈൽ ഫാൾട്ട് റെക്റ്റിഫയിംഗ് യൂണിറ്റുകൾ നിർത്തലാക്കിയിട്ടുണ്ടോ; ഇതിലേക്ക് ഏർപ്പെടുത്തിയിരുന്ന ഫാൾട്ട് ബുക്കിംഗ് സെന്ററുകൾ ഇപ്പോൾനിലവിലുണ്ടോ; വ്യക്തമാക്കാമോ; | (എ) | മൊബൈൽ ഫാൾട്ട് റെക്റ്റിഫയിംഗ് യൂണിറ്റുകൾ നിർത്തലാക്കിയിട്ടുണ്ട്. എന്നാൽ ഫാൾട്ട് ബുക്കിംഗ് സെന്ററുകൾ എറണാകുളം, കൊല്ലം, തിരുവനന്തപുരം എന്നീ സ്ഥലങ്ങളിൽ ഇപ്പോൾ നിലവിലുണ്ട്. |
| (ബി) കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസുകളിൽ ഫാൾട്ട് അറിയിക്കുവാൻ എന്ത് സംവിധാനമാണ് ഏർപ്പെടുത്തിയിരിക്കുന്നത്; ഇവയുടെ പ്രവർത്തനം കാര്യക്ഷമമല്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | കെ.എസ്.ഇ.ബി സെക്ഷൻ ഓഫീസുകളിൽ വൈദ്യുതി സംബന്ധമായ പരാതികൾ നേരിട്ടും ഫോൺ മുഖേനയും അറിയിക്കുന്നതിനു 24 മണിക്കൂറും പ്രവർത്തിക്കുന്ന എൻക്വയറി കൗണ്ടർ സംവിധാനമുണ്ട്. കൂടാതെ എസ്.എം. എസ്. മുഖേനയും പരാതികൾ അറിയിക്കാം. ഇവയുടെ പ്രവർത്തനം കാര്യക്ഷമമല്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) മൊബൈൽ യൂണിറ്റുകളുടെ എണ്ണം കൂട്ടുവാൻ നടപടി സ്വീകരിക്കുമോ; സെക്ഷൻ ഓഫീസുകളിൽ വിളിച്ചാൽ ഫോൺ എടുക്കുന്നില്ല എന്നുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിനെതിരെ നടപടി സ്വീകരിക്കുമോ? | (സി) | മൊബൈൽ യൂണിറ്റുകളുടെ എണ്ണം കൂട്ടുന്ന കാര്യം പരിഗണനയിലില്ല. സെക്ഷൻ ഓഫീസിൽ വിളിച്ചാൽ ഫോൺ എടുക്കുന്നില്ല എന്നുള്ള പരാതി ചില സ്ഥലങ്ങളിൽ നിന്നും ലഭിക്കാറുണ്ട്. |

(...)

പരാതികളുടെ ബാഹുല്യം കാരണം ഫോൺകാളുകൾ തുടർച്ചയായി വരുന്നതിനാലാണ് ഇത്തരത്തിലുള്ള പരാതികൾ ഉണ്ടാകുന്നത്. ഏതെങ്കിലും ഉദ്യോഗസ്ഥർ ബോധപൂർവ്വം ഫോൺ എടുക്കാത്തതായി കണ്ടെത്തിയാൽ അവർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ